## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1131** **12-06-2024 - ൽ മറുപടിയ്ക്ക്**

### പട്ടാമ്പി നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ജൽജീവൻ പദ്ധതിയുടെ പുരോഗതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജല ജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | നാളിതുവരെ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതെന്ന വിവരം നൽകാമോ; | (ബി) | നാളിതുവരെ സംസ്ഥാനമൊട്ടാകെ 56 പഞ്ചായത്തുകൾ 'ഹർ ഘർ ജൽ' ആയി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഒരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും എന്ന വിവരം നൽകാമോ; | (സി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്ര രൂപ വീതം ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ വിതം ചെലവഴിച്ചിട്ടുണ്ടെന്നും പ്രയോജനം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്ര രൂപ വീതം ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ വിതം ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരം നൽകാമോ? | (ഡി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്ര രൂപ വീതം ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ വിതം ചെലവഴിച്ചിട്ടുണ്ടെന്നും പ്രയോജനം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | നിലവിലെ സ്ഥിതി | ഇതുവരെ ചിലവഴിച്ച തുക |
|---|---|---|---|---|---|---|---|---|---|
| കൊപ്പം | 6805 | 135 | 6898 | 1894.00 | 6967 | 7102 | 0 | ഐ എം ഐ എസ് പ്രകാരം 100% പ്രവർത്തി പൂർത്തീകരിച്ചു 121 കിലോമീറ്റർ പൈപ്പ് ലൈനും 6967 കുടിവെള്ള കണക്ഷനും നൽകിയിട്ടുണ്ട് പഞ്ചായത്തിലെ നിലവിലെ സ്ഥിതി അനുസരിച്ച് ഏഴു കിലോമീറ്റർ വിതരണം ശൃംഖലയും സ്ഥാപിക്കേണ്ടതുണ്ട് .ഇതിനു വേണ്ടിവരുന്ന എസ്റ്റിമേറ്റ് തുക 2.02 കോടി രൂപയാണ് മറ്റു JJM വർക്കിന്റെ ഭരണാനുമതി തുകയിൽ അധികം വന്ന തുക ഉപയോഗിച്ച് ഈ പ്രവർത്തി ഏർപ്പാടാക്കുന്നതിന് DWSM അംഗീകാരം ലഭിച്ചു ,ദർഘാസ് നടപടികൾ പുരോഗമിക്കുന്നു | 1628.90 |

<table>
<tr><td>കുലുക്കല്ലൂർ</td><td>5564</td><td>993</td><td>5426</td><td>1915.00</td><td>5482</td><td>6475</td><td>0</td><td>കലുക്കല്ലൂർ പഞ്ചായത്തിലെ JJM Phase I പ്രവർത്തി പൂർത്തീകരിച്ചു Phase II 95% പൂർത്തീകരിച്ചു .300 mm ഡി ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി അവസാനഘട്ടത്തിലാണ് Phase III പ്രവർത്തിയും 95%പൂർത്തീകരിച്ചു ഇന്ററ്‍ കണക്ഷൻ പ്രവർത്തി പൂർത്തീകരിക്കാൻ ഉണ്ട് കെഎസ്ഇബി കുടിശിക ഉള്ളതിനാൽ പുതുതായി സ്ഥാപിച്ച 400 KVA ട്രാൻസ്ഫോമർ ചാർജ് ചെയ്യാൻ സാധിച്ചിട്ടില്ല</td><td>1279.04</td></tr>
<tr><td>മുതുതല</td><td>5984</td><td>1448</td><td>4993</td><td>4509.80</td><td>899</td><td>2347</td><td>3637</td><td rowspan="2">പ്രവർത്തി 96% പൂർത്തീകരിച്ചു മുതുതല പരതൂർ തിരുവേഗപ്പുറ എന്നീ പഞ്ചായത്ത് വേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത് ഇതിൽ ഉൾപ്പെടുത്തി 16 എം എൽ ഡി ജലശുദ്ധീകരണശാല 47 ലക്ഷം ലിറ്റർ ഉന്നത ജലസംഭരണി ഇൻടേക് വെൽ ,റാ വാട്ടർ പമ്പിങ് മെയിൻ ,ക്ലിയർ വാട്ടർ പമ്പിങ് മെയിൻ 3 പഞ്ചായത്തുകളിലുമായി വിതരണ ശൃംഖലയും 13642 കുടിവെള്ള കണക്ഷൻ നൽകലും പമ്പ് സെറ്റുകൾ ട്രാൻസ്ഫോർമർ എന്നിവ വിതരണം ചെയ്ത് സ്ഥാപിക്കൽ എന്നീ പ്രവർത്തികളാണ് നടപ്പിലാക്കുന്നത് ജലശുദ്ധീകരണശാല,45 ലക്ഷം ഉന്നത</td><td>3211.66</td></tr>
<tr><td>തിരുവേഗപ്പുറ</td><td>7148</td><td>3282</td><td>4107</td><td>4441.80</td><td>1608</td><td>4890</td><td>2258</td><td>3192.53</td></tr>
</table>

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | ജലസംഭരണി, ഇൻടേക് വെൽ റാ വാട്ടർ പമ്പിങ് മെയിൻ ക്ലിയർ വാട്ടർ പമ്പിങ് മെയിൻ ,വിതരണ ശൃംഖല സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചു. പിഡബ്ല്യൂഡി റോഡ് റെസ്റ്ററേഷൻ പ്രവർത്തികൾ പുരോഗമിക്കുന്നു. മുതുതല പഞ്ചായത്തിലെ കൊടുമുണ്ടയിലെ റെയിൽവേ ക്രോസിംഗ് അനുമതി ലഭ്യമായിട്ടുണ്ട് 31 / 10 / 2024 പ്രവർത്തി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് | |
| ഓങ്ങല്ലൂർ | 9712 | 1458 | 8948 | 6073.64 | 818 | 2276 | 7436 | പ്രവർത്തികൾ 68 ശതമാനം പൂർത്തീകരിച്ചു 119.636 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട് 3084 കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട് ഇതിലേക്ക് ബാലൻസ് 55 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാനും ബാക്കി കുടിവെള്ള കണക്ഷനുകൾ നൽകാനും ഉണ്ട്. രണ്ട് റെയിൽവേ ക്രോസ്സിങ്ങിനു ഉള്ള അനുമതി ലഭ്യമായിട്ടുണ്ട് 31 / 10 / 2024 ഇൽ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് | 1586.4 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വല്ലപ്പുഴ | 6091 | 618 | 5746 | 3785.00 | 2278 | 2896 | 3195 | പ്രവർത്തികൾ 91 ശതമാനം പൂർത്തീകരിച്ചു 104.99 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് .ഇതിലേക്ക് ബാലൻസ് 15.0 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാനും ബാക്കി കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവർത്തിയും പൂർത്തീകരിക്കാനുണ്ട് .രണ്ട് റെയിൽവേ ക്രോസ്സിങ്ങിനു ഉള്ള അനുമതി ലഭ്യമായിട്ടുണ്ട് 31 / 10 / 2024 ഇൽ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് | 2027.99 |
| വിളയൂർ | 5642 | 1539 | 3866 | 1731.00 | 4019 | 5558 | 84 | പ്രവർത്തികൾ 100% പൂർത്തീകരിച്ചു 102 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് .പഞ്ചായത്തിലെ നിലവിലെ സ്ഥിതി അനുസരിച്ച് 11 കിലോമീറ്റർ വിതരണ ശൃംഖലയും 15 കിലോമീറ്റർ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാനും ഉണ്ട് ഇതിന് ഏഴു കോടി രൂപ ആവശ്യമുണ്ട് ഇത് DWSM അംഗീകരിച്ചു .സാങ്കേതികാനുമതി ലഭിച്ചു പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു | 1177.67 |
| **ആകെ** | **46946** | **9473** | **39984** | **24350** | **22071** | **31544** | **15402** | | **14104.19** |